"ഭരണഭാഷ- മാതൃഭാഷ"

**കേരളം സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണവകുപ്പ് - ജീവനകാര്യം - തിരുവനന്തപുരം ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയം- സീനിയർ ക്ലർക്ക് - ശ്രീമതി ബിന്ദു ആർ ആർ-ന് പ്രത്യേക അവശതാവധി അനുവദിച്ച് ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1790/2026/LSGD തീയതി,തിരുവനന്തപുരം, 23-09-2026

---

പരാമർശം:- 1. ശ്രീമതി.ബിന്ദു ആർ ആർ സമർപ്പിച്ച 12.03.2026 ലെ അവധി അപേക്ഷ.

2. തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 31.08.2026 ലെ LSGD/PD/35874/2025-DEC1 നമ്പർ കത്ത്.

**ഉത്തരവ്**

തദ്ദേശസ്വയംഭരണ വകുപ്പ് തിരുവനന്തപുരം ജില്ലാ ജോയിൻറ് ഡയറക്ടറുടെ കാര്യാലയത്തിലെ സീനിയർ ക്ലാർക്ക് ശ്രീമതി ബിന്ദു ആർ.ആർ -ന് 10.07.2025 മുതൽ 17.08.2025 വരെ പ്രത്യേക അവശതാവധി അനുവദിക്കുന്നതിന് പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം (2) പ്രകാരം തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്ത് ലഭ്യമാക്കിയിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീമതി ബിന്ദു ആർ.ആർ-ന് 10/07/2025 തീയതി രാവിലെ ഓഫീസിലേക്കുള്ള യാത്രാമധ്യേ വാഹനാപകടം സംഭവിച്ചതായി ടിയാളുടെ ഓഫീസ് മേലധികാരിയായ തദ്ദേശസ്വയംഭരണവകുപ്പ് അസിസ്റ്റന്റ് ഡയറക്ടർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ടിയാൾക്ക് 10.07.2025 മുതൽ 38 ദിവസത്തേക്ക് വിശ്രമം ആവശ്യമാണെന്ന മെഡിക്കൽ സർട്ടിഫിക്കറ്റും 16.08.2025ലെ ഫിറ്റ്നെസ് സർട്ടിഫിക്കറ്റും അപേക്ഷക്കൊപ്പം ലഭ്യമാക്കിയിട്ടുണ്ട്. 16.08.2025 തീയതിയിലെ ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുള്ളതിനാൽ ടി തീയതിയിലേക്ക് ടിയാൾക്ക് പ്രത്യേക അവശതാവധി അനുവദിക്കാനാവുകയില്ല.

3. മേൽസാഹചര്യത്തിൽ, തദ്ദേശസ്വയംഭരണവകുപ്പ് തിരുവനന്തപുരം ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിലെ സീനിയർ ക്ലർക്ക് ശ്രീമതി ബിന്ദു ആർ ആർ -ന് 10.07.2025 മുതൽ 15.08.2025 വരെ കെ എസ് ആർ ഭാഗം I ചട്ടം 98 പ്രകാരം പ്രത്യേക അവശതാവധി അനുവദിച്ചും, 16.08.2025 ടിയാളുടെ ക്രെഡിറ്റിലെ അർഹതപ്പെട്ട അവധിയായി ക്രമീകരിക്കുന്നതിന് തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദ്ദേശം നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ.കെ അനിൽ ജോയ്

ഡെപ്യൂട്ടി സെക്രട്ടറി

1.പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശസ്വയംഭരണവകുപ്പ്,തിരുവനന്തപുരം,

2.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്) കേരള.തിരുവനന്തപുരം/തൃശ്ശൂർ.

3.ജോയിന്റ് ഡയറക്ടർ,തദ്ദേശസ്വയംഭരണവകുപ്പ് , തിരുവനന്തപുരം ,(തദ്ദേശസ്വയംഭരണവകുപ്പ്

പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).

4.ശ്രീമതി.ബിന്ദു ആർ ആർ , സീനിയർ ക്ലാർക്ക് , തദ്ദേശസ്വയംഭരണവകുപ്പ് ജോയിന്റ് ഡയറക്ടറുടെ കാര്യാലയം , തിരുവനന്തപുരം(തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).

5.ഡയറക്ടർ, ഐ കെ എം.

6.ഇൻഫർമേഷൻസ് & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ).

7.കരുതൽ ഫയൽ (ഫയൽ നം.260/ഇപിഎ1/2025-എൽഎസ്ജിഡി.

ഉത്തരവിൻ പ്രകാരം

Digitally signed by
Noushad. S
Date: 24-09-2026
09:30:49

സെക്ഷൻ ഓഫീസർ